**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6629** **04.04.2018-ൽ മറുപടിക്ക്**

**മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, പി.ടി. തോമസ്**<br>**,, ഐ.സി. ബാലകൃഷ്ണൻ**<br>**,, എ.പി. അനിൽ കുമാർ** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തനങ്ങൾ പലതും പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നത് മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) കണ്ടെത്തിയിട്ടില്ല. |
| (ബി) നിലവിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടെ എത്ര ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്; | (ബി) നിലവിൽ 94 ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. അതിൽ ചീഫ് എഞ്ചിനീയർമാർ ഇല്ല. |
| (സി) ന്യായമായ കാര്യത്തിലല്ലാതെ അവധിയിൽ പ്രവേശിച്ചവരെ തിരിച്ചു വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (സി) ഉണ്ട്. പരിശോധിച്ചുവരുന്നു. ബഹു. മന്ത്രി ഒരു മാസം മുമ്പ് നിർദ്ദേശം നൽകിയിരുന്നു. |
| (ഡി) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ ? | (ഡി) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ 30 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകളുണ്ട്. അതിൽ 15 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാനകയറ്റം മുഖേനയും, ശൂന്യവേതനാവധി കഴിഞ്ഞു വരുന്ന ജീവനക്കാരെ നിയമിച്ചും നികത്തേണ്ടവയാണ്. എന്നാൽ വകുപ്പിന്റെ വളർച്ചയും പ്രവൃത്തി ഭാരവും നോക്കിയാൽ 500 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും 500 ഓവർസിയർമാരുടെയും 10 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും അധിക ആവശ്യമുണ്ട്. അതിന് അനുമതി ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ